بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 27.12.2019 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം*

## ബദരീ സഹാബി സഅദ് ബിൻ ഉബാദയുടെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിശ്വാസവർധക വിവരണങ്ങൾ

أَشْهَدُ أَنْ لَّآ إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ ۔ اَلرَّحْمٰنِ الرَّحِيْمِ ۔ مٰلِكِ يَوْمِ الدِّيْنِ ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഹദ്റത്ത് സഅദ് ബിൻ ഉബാദയെ കുറിച്ചാണ് പറഞ്ഞുകൊണ്ടിരുന്നത്. അദ്ദേഹത്തെ കുറിച്ച് ഇന്ന് കൂടുതൽ കാര്യങ്ങൾ വിവരിക്കുന്നതാണ്. ഹദ്റത്ത് സഅദ് ബിൻ ഉബാദ രണ്ടാം ബൈഅത്തെ ഉഖ്ബയിൽ നിശ്ചയിക്കപ്പെട്ട 12 നേതാക്കളിൽപ്പെട്ട ഒരാളായിരുന്നു. അദ്ദേഹം ഖദ്റജ് ഗോത്രത്തിലെ ഒരു കുടുംബമായ ബനൂ സാഇദയിൽപ്പെട്ടയാളും ഖദ്റജ് ഗോത്രത്തിന്റെ തലവനുമായിരുന്നു. റസൂൽ തിരുമേനി(സ)യുടെ കാലഘട്ടത്തിൽ സമുന്നതനായ സഹാബാക്കളിൽ എണ്ണപ്പെട്ട ആളായിരുന്നു. ഏതുവരെ എന്നാൽ റസൂൽ തിരുമേനി(സ) വഫാത്തായപ്പോൾ ചില അൻസാറുകൾ അദ്ദേഹത്തിന്റെ പേര് ഖിലാഫത്തിനായി നിർദ്ദേശിക്കുകയുണ്ടായി. അദ്ദേഹം ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ വഫാത്തായി.

ഹദ്റത്ത് സഅദ് ബിൻ ഉബാദ, ഹദ്റത്ത് മുൻദിർ ബിൻ അമർ, ഹദ്റത്ത് അബുദജാന എന്നിവർ ഇസ്ലാം സ്വീകരിച്ചപ്പോൾ ഇവർ എല്ലാവരും കൂടി തങ്ങളുടെ ഗോത്രമായ ബനു സാഇദയുടെ ബിംബങ്ങളെ തച്ചുടച്ചു. മദീനയിലേക്കുള്ള ഹിജ്റത്തിൽ റസൂൽ തിരുമേനി(സ) ബനു സാഇദയുടെ ഭവനങ്ങളുടെ സമീപത്ത് കൂടി കടന്നുപോയപ്പോൾ ഹദ്റത്ത് സഅദ് ബിൻ ഉബാദയും ഹദ്റത്ത് മുൻദിർ ബിൻ അമറും ഹദ്റത്ത് അബുദജാനയും പറഞ്ഞു: യാ റസൂലുല്ലാഹ്, താങ്കൾ ഞങ്ങളുടെ ഇവിടേക്ക് വന്നാലും. ഞങ്ങളുടെ പക്കൽ ആദരവും ശക്തിയും കഴിവും ധനവും ഉണ്ട്. ഹദ്റത്ത് സഅദ് ബിൻ ഉബാദ ഇപ്രകാരം പറഞ്ഞു: യാ റസൂലുല്ലാഹ്! എന്റെ സമുദായത്തിൽ എന്നേക്കാൾ കൂടുതൽ ഈന്തപ്പഴത്തോട്ടങ്ങളോ എന്നേക്കാൾ കൂടുതൽ കിണറുകളോ ഉള്ള ആരും തന്നെയില്ല. അതോടൊപ്പം തന്നെ എന്നേക്കാൾ കൂടുതൽ ധനവും ശക്തിയും അംഗബലവും ഉള്ള ആരും തന്നെയില്ല. അപ്പോൾ നബി(സ) പറഞ്ഞു: ഓ അബൂ സാബിത്ത്! ഈ ഒട്ടകത്തിന് വഴി നൽകൂ. ഇത് നിയോഗിക്കപ്പെട്ടതാണ്. ഇത് സ്വന്തം ഇഷ്ടപ്രകാരം സഞ്ചരിക്കും.

റസൂൽ തിരുമേനി(സ) മക്കയിൽ നിന്ന് ഹിജ്റത്ത് ചെയ്ത് മദീനയിൽ വന്ന ഹദ്റത്ത് തുലൈബ് ബിൻ ഉമൈറിനും ഹദ്റത്ത് സഅദിനും ഇടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. ദുലൈം പിന്നീട് അദ്ദേഹത്തിന്റെ മകൻ ഉബാദ, പിന്നീട് അദ്ദേഹത്തിന്റെ മകൻ സഅദ് പിന്നീട് അദ്ദേഹത്തിന്റെ മകൻ ഖൈസ്എന്നിവരെ കൂടാതെ ഔസ് ഖദ്റജ് ഗോത്രങ്ങളിൽ ഒരാൾക്ക് ശേഷം മറ്റൊരാൾ എന്ന നിലയിൽ നാല് ആളുകൾ അങ്ങേയറ്റം ദാനധർമ്മികളായ വേറൊരു ഭവനവും ഉണ്ടായിരുന്നില്ല എന്ന് പറയപ്പെടുന്നു. എന്നാൽ റസൂൽ തിരുമേനി(സ) മദീനയിൽ വന്നപ്പോൾ സഅദ് റസൂൽ തിരുമേനിയുടെ സമക്ഷം ദിവസേന ഒരു വലിയ പാത്രത്തിൽ മാംസവും സരീദും അതായത് റൊട്ടി കഷ്ണങ്ങൾ മാംസത്തിൽ പാകം ചെയ്ത ഒരു ഭക്ഷണവും അയക്കുമായിരുന്നു. കൂടുതലും മാംസത്തിന്റെ പാത്രമാണ് അയച്ചിരുന്നത്. സഅദ് കൊടുത്തു വിടുന്ന പാത്രം റസൂൽ തിരുമേനിയോടൊപ്പം അങ്ങയുടെ പരിശുദ്ധ പത്നിമാരുടെ ഭവനങ്ങളിലും പോകാറുണ്ടായിരുന്നു. ഹദ്റത്ത് സൈദ് പറയുന്നു: ഞങ്ങൾ മാലിക്ക് ബിൻ നജ്ജാറിന്റെ വീടുകളിലാണ് താമസിച്ചിരുന്നത്. റസൂൽ തിരുമേനി(സ) ഹദ്റത്ത് അയ്യൂബ് അൻസാരി(റ)ന്റെ ഭവനത്തിൽ 7 മാസം താമസിക്കുകയുണ്ടായി. ഞങ്ങളിൽ മൂന്നോ നാലോ വ്യക്തികൾ ഓരോരുത്തരായി എല്ലാ ദിവസവും രാത്രി ഭക്ഷണവുംകൊണ്ട് റസൂൽ തിരുമേനി(സ)യുടെ സമക്ഷം ഹാജരായികൊണ്ടിരുന്നു. ആ ദിവസങ്ങളിൽ ഹദ്റത്ത് സഅദ് ബിൻ ഉബാദയുടെയും ഹദ്റത്ത് അബദ് ബിൻ സറാറയുടെയും ഭക്ഷണ പാത്രങ്ങളും എല്ലാ ദിവസവും റസൂൽ തിരുമേനി(സ)യുടെ പക്കൽ വരുമായിരുന്നു. അതിൽ ഒരിക്കലും ഒരു വീഴ്ച്ചയും ഉണ്ടാകാറുണ്ടായിരുന്നില്ല. ഹദ്റത്ത് സൈദ് പറയുന്നു: ഹദ്റത്ത് അബു അയ്യൂബ് എന്നോട് പറഞ്ഞു: ഒരിക്കൽ ഒരു രാത്രി ഹദ്റത്ത് സഅദ് ബിൻ ഉബാദ നബി(സ)യുടെ സമക്ഷം ഒരു ഭക്ഷണപാത്രം കൊടുത്തയച്ചു.

അതിൽ തുഫൈശൽ എന്ന ഒരു തരം കറിയാണ് ഉണ്ടായിരുന്നത്. അവിടുന്ന് അത് വയറു നിറയെ കുടിച്ചു. ഞാൻ അതല്ലാതെ മറ്റെന്തങ്കിലും അവിടുന്ന് ഇതുപോലെ വയറു നിറച്ച് കുടിക്കുന്നത് കണ്ടിട്ടില്ല. പിന്നീട് ഞങ്ങൾ റസൂൽ തിരുമേനി(സ)ക്കായി ഇത് പാകം ചെയ്യുമായിരുന്നു.

ഹദ്റത്ത് അനസ് നിവേദനം ചെയ്യുന്നു: ഒരിക്കൽ നബി കരീം(സ) ഹദ്റത്ത് സഅദ് ബിൻ ഉബാദയുടെ വീട്ടിൽ എത്തി. അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹ് എന്ന് പറഞ്ഞു. ഹദ്റത്ത് സഅദ് പതിഞ്ഞ ശബ്ദത്തിൽ വഅലൈക്കും സലാം എന്ന് പറഞ്ഞു. നബി കരീം(സ)ക്ക് അത് കേൾക്കാൻ സാധിച്ചില്ല. നബി കരീം(സ) മൂന്നു തവണ സലാം പറഞ്ഞു. ഹദ്റത്ത് സഅദ് മൂന്നു തവണയും അതുപോലെ തന്നെ മറുപടി പറഞ്ഞു. അത് നബി(സ) തിരുമേനിക്ക് കേൾക്കാൻ സാധിച്ചില്ല. അങ്ങനെ നബി കരീം(സ) തിരിച്ചു പോയി. ഹദ്റത്ത് സഅദ് അങ്ങയുടെ പിന്നാലെ ചെന്നു. എന്നിട്ടു പറഞ്ഞു: യാ റസൂലുല്ലാഹ്! എന്റെ മാതാപിതാക്കൾ താങ്കൾക്കു തെണ്ടമായിരിക്കട്ടെ. താങ്കൾ സലാം പറഞ്ഞതത്രയും ഞാൻ എന്റെ കാതുകൾ കൊണ്ട് കേൾക്കുകയും അതിന് മറുപടി നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ താങ്കളെ അത് കേൾപ്പിച്ചില്ല. താങ്കളുടെ സമാധാനവും അനുഗ്രഹങ്ങളും ലഭിക്കുന്നതിനുവേണ്ടിയുള്ള ദുആ കൂടുതലായി കരസ്ഥമാക്കാൻ ഞാൻ ആഗ്രഹിച്ചു. അങ്ങനെ നബി കരീം(സ)യെ തന്റെ വീട്ടിലേക്ക് കൂട്ടികൊണ്ട് പോവുകയും കിശ്മിശ് നല്കുകയും ചെയ്തു. നബി കരീം(സ) അത് കഴിച്ചതിനുശേഷം ദുആ ചെയ്തുകൊണ്ട് പറഞ്ഞു: താങ്കളുടെ ഭക്ഷണം നല്ലവരായ ആളുകൾ കഴിച്ചുകൊണ്ടിരിക്കുകയും താങ്കളുടെമേൽ മലക്കുകൾ കാരുണ്യത്തിന്റെ ദുആകൾ ചെയ്തുകൊണ്ടിരിക്കുകയും നോമ്പുകാർ താങ്കളുടെ അടുത്ത് നോമ്പ് തുറക്കുകയും ചെയ്യട്ടെ.

അല്ലാമാ ഇബ്നു സീറിൻ വിവരിക്കുന്നു: അസ്ഹാബു സുഫ്ഫാക്കാരെ രാത്രിയായാൽ ഭക്ഷണം കഴിപ്പിക്കുന്നതിനായി ഏതെങ്കിലും ഒരാൾ അവരിൽ നിന്ന് ഒരാളെയോ രണ്ടാളെയോ കൊണ്ടു പോകുമായിരുന്നു. എന്നാൽ ഹദ്റത്ത് സഅദ് ബിൻ ഉബാദ 80 സുഫ്ഫക്കാരെ ഭക്ഷണം നൽകുന്നതിനായി തന്റെ കൂടെ കൊണ്ടുപോകുമായിരുന്നു.

റസൂൽ തിരുമേനി(സ) മദീനയിൽ എത്തിയതിന് ഒരു വർഷത്തിനുശേഷം സഫർ മാസത്തിൽ അബുവാഅ് യുദ്ധത്തിനായി പുറപ്പെട്ടു. അബുവാഅ്, മദീനയിൽ നിന്ന് മക്കയിലേക്കുള്ള പ്രധാന വഴിയിൽ ജഹ്ഫയിൽ നിന്ന് 23 മൈൽ ദൂരത്തുള്ള ഒരു സ്ഥലം ആണ്. ഇവിടെ നബി കരീം(സ)യുടെ മാതാവ് ഹദ്റത്ത് ആമിനയുടെ ഖബറും ഉണ്ട്. ഈ അവസരത്തിൽ തിരുമേനി(സ) മദീനയിൽ ഹദ്റത്ത് സഅദ് ബിൻ ഉബാദയെ തന്റെ പ്രതിനിധി അഥവാ അമീറായി നിശ്ചയിച്ചു. അബുവാഅ് യുദ്ധത്തിന്റെ മറ്റൊരു പേര് വുദാൻ യുദ്ധം എന്നും വിവരിക്കപ്പെടുന്നു.

സീറത്തു ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് വുദാൻ യുദ്ധത്തെ കുറിച്ച് വിവരിച്ചുകൊണ്ട് എഴുതുന്നു, ഹദ്റത്ത് സഅദ് ബിൻ ഉബാദ ഉഹദ്, ഖന്തഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)യോട് ഒപ്പം പങ്കെടുത്തിരുന്നു. ഒരു റിവായത്തിൽ ഇപ്രകാരവും വന്നിരിക്കുന്നു. ബദർ യുദ്ധ ദിവസം അൻസാറുകളുടെ പതാക ഹദ്റത്ത് സഅദ് ബിൻ ഉബാദയുടെ പക്കൽ ആയിരുന്നു.

ബദർ യുദ്ധത്തിന് പുറപ്പെടുന്ന സമയത്ത് ഹദ്റത്ത് സഅദ് ബിൻ ഉബാദ അസ്ബ എന്നു പേരുള്ള വാൾ റസൂൽ തിരുമേനി(സ)യുടെ സമക്ഷം പരിതോഷികമായി നൽകി. നബി കരീം(സ)യുടെ പക്കൽ ഏഴ് പടച്ചട്ടകൾ ഉണ്ടായിരുന്നു. അതിൽ ഒന്നിന്റെ പേര് ദാത്തുൽ ഫുസൂൽ എന്നായിരുന്നു. അത് ഹദ്റത്ത് സഅദ് ബിൻ ഉബാദ നബി(സ)യുടെ സമക്ഷം കൊടുത്തുവിട്ടതായിരുന്നു. ഈ പടച്ചട്ടയായിരുന്നു റസൂൽ തിരുമേനി(സ) അബുശ്യാം എന്നു പേരുള്ള യഹൂദിയുടെ അടുത്ത് 30 സാഅ് ബാർലിക്ക് പകരം ഒരു വർഷത്തെ കാലയളവിൽ പണയം വെച്ചിരുന്നത്. ഹദ്റത്ത് ഇബ്നു അബ്ബാസ് നിവേദനം ചെയ്യുന്നു: നബി(സ)യുടെ പതാക ഹദ്റത്ത് സഅദ് ബിൻ ഉബാദയുടെ കൈകളിലാണ് ഉണ്ടായിരുന്നത്. യുദ്ധം തീക്ഷ്ണമായിരിക്കുമ്പോൾ നബി(സ) അൻസാറുകളുടെ പതാകക്ക് കീഴിൽ ആയിരിക്കും.

ഹദ്റത്ത് ഉസാമ ബിൻ സൈദിൽ നിന്ന് നിവേദനം: റസൂൽ തിരുമേനി(സ) ഒരു കഴുത പുറത്ത് യാത്ര ചെയ്തു ഹദ്റത്ത് സഅദ് ബിൻ ഉബാദയെ രോഗി സന്ദർശനം നടത്തുന്നതിനായി പുറപ്പെട്ടു. അവിടുന്ന് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ ഉള്ള ഒരു സദസ്സിന് സമീപത്ത് കൂടെ കടന്നുപോയി. അയാൾ അപ്പോൾ മുസ്ലിം ആയിട്ടുണ്ടായിരുന്നില്ല. അങ്ങയുടെ വാഹനം കാരണം പൊടിയും മണ്ണും പാറിയപ്പോൾ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ തന്റെ പുതപ്പ് കൊണ്ട് മൂക്ക് പൊത്തികൊണ്ട് പറഞ്ഞു: ഞങ്ങളുടെമേൽ പൊടിപറ്റിക്കാതിരിക്കൂ. നബി(സ) അവരോട് അസ്സലാമു അലൈക്കും പറഞ്ഞുകൊണ്ട് കഴുതപ്പുറത്ത് നിന്ന് ഇറങ്ങി. അവിടുന്ന് അവരെ അല്ലാഹുവിലേക്കു ക്ഷണിക്കുകയും വിശുദ്ധ ഖുർആൻ ഓതി കേൾപ്പിക്കുകയും ചെയ്തു. അബ്ദുല്ലാഹ് ബിൻ സുലൂൽ പറഞ്ഞു: ഞങ്ങളുടെ സദസ്സുകളിൽ വന്നു ഞങ്ങളെ ബുദ്ധിമുട്ടിക്കരുത്. നിങ്ങളുടെ സങ്കേതത്തിലേക്ക് തന്നെ തിരിച്ചുപോവുക. എന്നിട്ട് ആരാണോ നിങ്ങളുടെ അടുത്തു വരുന്നത്

അവർക്ക് ഇത് വിവരിച്ചു കൊടുക്കുക. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയും അവിടെ ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹം ഇത് കേട്ടു പറഞ്ഞു: അങ്ങനെയല്ല. യാ റസൂലുല്ലാഹ്! താങ്കൾ ഞങ്ങളുടെ സദസ്സുകളിൽ വന്ന് ഞങ്ങൾക്ക് ഓതികേൾപ്പിച്ചു തന്നാലും. അപ്പോൾ മുസ്‌ലിംകളും മുശ്‌രിക്കുകളും യഹൂദികളും പരസ്പരം വഴക്കു പറയാൻ തുടങ്ങി. പരസ്പരം ആക്രമിക്കുന്നതിന്റെ വക്കോളമെത്തി. എന്നാൽ നബി(സ) അവരുടെ ആവേശത്തെ തണുപ്പിച്ചു. അതിനുശേഷം അവിടുന്ന് സഅദ് ബിൻ ഉബാദയുടെ അടുത്ത് ചെന്നു. അദ്ദേഹത്തോട് എല്ലാ കാര്യങ്ങളും പറഞ്ഞു. ഹദ്റത്ത് സഅദ് ബിൻ ഉബാദ പറഞ്ഞു: യാ റസൂലുല്ലാഹ് താങ്കൾ അയാൾക്ക് മാപ്പ് നൽകിയാലും വിട്ടുവീഴ്ച്ച ചെയ്താലും. ഈ നാട്ടുകാർ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിനെ തങ്ങളുടെ നേതാവാക്കുമെന്ന് തീരുമാനിച്ചിരിക്കുകയാണ്. എന്നാൽ ഈ കാര്യം അല്ലാഹു അംഗീകരിക്കാതിരുന്നപ്പോൾ അയാൾ അസൂയയുടെ അഗ്നിയിൽ വെന്തെരിഞ്ഞു. അതുകൊണ്ടാണ് ഇതൊക്കെ അയാൾ ചെയ്തത്. ഇത് കേട്ട് നബി കരീം(സ) അയാൾക്ക് മാപ്പ് നൽകി. റസൂൽ തിരുമേനി(സ) അങ്ങയുടെ സഹാബാക്കളും മുശ്‌രിക്കിങ്ങൾക്കും ഗ്രന്ഥാനുസരികൾക്കും മാപ്പു നൽക്കുകയും അവർ ഏൽപ്പിക്കുന്ന പ്രയാസങ്ങളിൽ സഹനം കൈകൊള്ളുകയും ചെയ്യുമായിരുന്നു.

ബദർ യുദ്ധത്തിന്റെ അവസരത്തിൽ നബി കരീം(സ) സഹാബാക്കളോട് അഭിപ്രായം ചോദിച്ചപ്പോൾ ഹദ്റത്ത് സഅദ് ബിൻ ഉബാദ പറഞ്ഞു: യാ റസൂലുല്ലാഹ്! അങ്ങ് ഞങ്ങളോട് അഭിപ്രായം ചോദിച്ചിരിക്കുകയാണ്. ആരുടെ കൈകളിലാണോ എന്റെ ജീവൻ ഇരിക്കുന്നത് ആ അസ്തിത്വത്തെ കൊണ്ടു സത്യം! താങ്കൾ ഞങ്ങളോട് കുതിരയുമായി സമുദ്രത്തിൽ ചാടാൻ പറഞ്ഞാൽ പോലും ഞങ്ങൾ അങ്ങനെ ചെയ്യുന്നതാണ്. നിവേദകൻ പറയുന്നു: റസൂൽ തിരുമേനി(സ) ആളുകളെ വിളിക്കുകയും അവിടെ നിന്ന് പുറപ്പെടുകയും ചെയ്തു. ഏതുവരെ എന്നാൽ ബദർ എത്തി. ഹദ്റത്ത് അനസിൽനിന്ന് നിവേദനം, ബദർ യുദ്ധത്തിന്റെ അവസരത്തിൽ റസൂൽ തിരുമേനി ശത്രുകളുടെ പേരെടുത്തുകൊണ്ട് പറഞ്ഞു: ഇന്ന എതിരാളി ഇവിടെ വീഴും. ഇന്ന എതിരാളി ഇവിടെ വീഴും. അവിടുന്ന് കൈകൾകൊണ്ട് നിലത്ത് തൊട്ടുകാണിക്കുമായിരുന്നു. എന്നിട്ട് പറയുമായിരുന്നു, ഇവിടെ ഇവിടെ. നിവേദകൻ പറയുന്നു: അവരിൽ ഒരാളും തന്നെ ആസ്ഥലത്ത് നിന്ന് അങ്ങോട്ടോ ഇങ്ങോട്ടോ മാറിയില്ല.

ഹുസൂർ അൻവർ പറയുന്നു: ഉഹദ് യുദ്ധത്തിന് മുമ്പ് ഒരു വെള്ളിയാഴ്ച്ച ദിവസം വൈകുന്നേരം മുതൽ രാവിലെ വരെ മസ്ജിദ് നബവിയിൽ തിരുമേനി(സ)യുടെ വാതിക്കൽ ഹദ്റത്ത് സഅദ് ബിൻ മആദ്, ഹദ്റത്ത് ഉബൈദ് ബിൻ ഹുസൈൻ, ഹദ്റത്ത് സഅദ് ബിൻ ഉബാദ എന്നിവർ ആയുധങ്ങൾ അണിഞ്ഞ് കാവൽ നിന്നിരുന്നു. ഉഹദ് യുദ്ധത്തിനായി റസൂൽ തിരുമേനി(സ) മദീനയിൽനിന്ന് പുറപ്പെടാൻ തുടങ്ങിയപ്പോൾ ഹദ്റത്ത് സഅദ് ബിൻ മആദും ഹദ്റത്ത് സഅദ് ബിൻ ഉബാദയും അങ്ങേക്ക് മുമ്പിൽ ഓടാൻ തുടങ്ങി. ഉഹദ് യുദ്ധത്തിന്റെ അവസരത്തിൽ റസൂൽ തിരുമേനിക്ക് സമീപം അടിയുറച്ച് നിന്ന സഹാബാക്കളിൽ ഹദ്റത്ത് സഅദ് ബിൻ ഉബാദയും ഉണ്ടായിരുന്നു. ഉഹദ് യുദ്ധത്തിൽനിന്ന് റസൂൽ തിരുമേനി(സ) മദീനയിലേക്ക് തിരിച്ച് എത്തി, തന്റെ കുതിര പുറത്ത്നിന്ന് ഇറങ്ങിയപ്പോൾ അവിടുന്ന് സഅദ് ബിൻ മആദിന്റെയും സഅദ് ബിൻ ഉബാദയുടെയും തോളിൽ പിടിച്ച്കൊണ്ട് തന്റെ വീട്ടിൽ പ്രവേശിച്ചു. ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് നിവേദനം ചെയ്യുന്നു: ഹംറഉൽ അസദ് യുദ്ധത്തിൽ ഞങ്ങളുടെ പൊതുവിലുള്ള പാഥേയം ഈന്തപ്പഴം ആയിരുന്നു. ഈ അവസരത്തിൽ ഹദ്റത്ത് സഅദ് ബിൻ ഉബാദ 30 ഒട്ടകങ്ങളും ഈന്തപ്പഴങ്ങളും സമർപ്പിച്ചു. അത് ഹംറഉൽ അസദ് പ്രദേശം വരെ ഞങ്ങൾക്ക് മതിയായതായിരുന്നു.

ബനു നദീർ യുദ്ധം റബിയുൽ അവ്വൽ 4 ഹിജ്റിയിലാണ് നടന്നത്. റസൂൽ തിരുമേനി(സ) യഹൂദികളുടെ ബനു നദീർ ഗോത്രത്തിന്റെ കോട്ടകൾ 15 ദിവസം വരെ വളഞ്ഞു. ആ അവസരത്തിൽ യുദ്ധമുതൽ ലഭിച്ചപ്പോൾ അവിടുന്ന് ഹദ്റത്ത് സാബിത്ത് ബിൻ കൈസിനെ വിളിച്ച് കൊണ്ട് പറഞ്ഞു: താങ്കളുടെ സമൂഹത്തെ വിളിക്കുക. അങ്ങനെ അദ്ദേഹം ഔസ് ഖദ്റജ് ഗോത്രങ്ങളെ റസൂൽ തിരുമേനി(സ)യുടെ അടുക്കലേക്ക് വിളിപ്പിച്ചു. റസൂൽ തിരുമേനി(സ) അല്ലാഹുവിനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്തു. പിന്നീട് അവിടുന്ന് മുഹാജിറുകളോട് അൻസാറുകൾ കാണിച്ച ഔദാര്യത്തെ കുറിച്ച് പരാമർശിച്ചു. പിന്നീട് റസൂൽ തിരുമേനി(സ) പറഞ്ഞു: അഥവാ നിങ്ങൾ ഇഷ്ടപ്പെടുകയാണെങ്കിൽ ഞാൻ ബനുനദീറിൽ നിന്ന് ലഭിച്ച ധനം നിങ്ങളിലും മുഹാജിറുകളിലും തുല്യമായി വിതരണം ചെയ്യാം. അങ്ങനെയെങ്കിൽ മുഹാജിറുകൾ മുമ്പുള്ളതുപോലെ തന്നെ നിങ്ങളുടെ വീടുകളിലും നിങ്ങളുടെ ധനത്തിലും കഴിഞ്ഞ് കൂടുന്നതാണ്. അഥവാ നിങ്ങൾ ഇഷ്ടപ്പെടുകയാണെങ്കിൽ ഞാൻ ഈ ധനം മുഹാജിറുകളിൽ വിതരണം ചെയ്യാം അതിന്റെ ഫലമായി അവർ നിങ്ങളുടെ ഭവനങ്ങളിൽനിന്ന് പുറത്ത് പോകുന്നതായിരിക്കും. അപ്പോൾ ഹദ്റത്ത് സഅദ് ബിൻ ഉബാദ(റ)വും ഹദ്റത്ത് സഅദ് ബിൻ മആദ്(റ)വും പറഞ്ഞു: യാ റസൂലുല്ലാഹ്! താങ്കൾ ഈ ധനം മുഹാജിറുകൾക്ക് ഇടയിൽ വിതരണം ചെയ്താലും. അവർ ഞങ്ങളുടെ ഭവനങ്ങളിൽ മുമ്പുള്ളതുപോലെ തന്നെയായിരിക്കും. അൻസാറുകൾ ഉയർന്ന സ്വരത്തിൽ

പറഞ്ഞു: ഞങ്ങൾ തൃപ്തരാണ്. ഞങ്ങളുടെ ശിരസ്സുകൾ അനുസരണത്താൽ കുനിഞ്ഞിരിക്കുന്നു. അപ്പോൾ റസൂൽ തിരുമേനി(സ) പറഞ്ഞു; അല്ലാഹുവേ! അൻസാറുകളിലും അവരുടെ സന്താനങ്ങളിലും കാരുണ്യം വർഷിച്ചാലും.

ഹദ്റത്ത് സഅദിന്റെ മാതാവ് ഹദ്റത്ത് ഹംറ ബിൻത് മസ്ഊദിന്റെ മരണം നടന്നത്, റസൂൽ തിരുമേനി(സ) ദൂമത്തുൽ ജുൻദൽ യുദ്ധത്തിനായി പോയപ്പോൾ ആയിരുന്നു. ഈ യുദ്ധം റബിയുൽ അവ്വൽ 5 ഹിജ്‌രിയിലാണ് നടന്നത്. ഈ യുദ്ധത്തിൽ ഹദ്റത്ത് സഅദ് റസൂൽ തിരുമേനി(സ)ക്ക് ഒപ്പം യാത്ര ചെയ്തിരുന്നു. സഅദ് റസൂൽ തിരുമേനി(സ)യോട് പറഞ്ഞു: എന്റെ മാതാവ് വഫാത്തായിരിക്കുന്നു. താങ്കൾ അവരുടെ ജനാസ നമസ്കരിക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. റസൂൽ തിരുമേനി അവരുടെ ജനാസ നമസ്കരിച്ചു. അപ്പോൾ അവർ വഫാത്തായി ഒരു മാസം കഴിഞ്ഞിരുന്നു. ഹദ്റത്ത് സഅദ് ബിൻ ഉബാദ നബി(സ)യുടെ സമക്ഷം പറഞ്ഞു: എന്റെ മാതാവ് വസിയ്യത്ത് ചെയ്തിട്ടില്ല. എന്നാൽ ഞാൻ അവരുടെ ഭാഗത്ത് നിന്ന് സദഖ നല്കുകയാണെങ്കിൽ അത് അവർക്ക് പ്രയോജനം ആയിരിക്കുമോ? റസൂൽ തിരുമേനി(സ) പറഞ്ഞു: അതെ. അദ്ദേഹം ചോദിച്ചു: ഏതു സദഖയാണ് അങ്ങേക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്. അവിടുന്ന് പറഞ്ഞു: വെള്ളം കുടിപ്പിക്കുക. അങ്ങനെ സഅദ് ഒരു കിണർ കുഴിച്ചു. എന്നിട്ട് പറഞ്ഞു: ഇത് ഉമ്മെ സഅദിന് വേണ്ടിയാണ്.

അല്ലാമ അബു ത്വയ്യിബ് ശംസുൽ ഹഖ് അസീമാബാദി അബുദാവൂദിന്റെ ശറഹിൽ എഴുതിയിട്ടുണ്ട്, റസൂൽ തിരുമേനി(സ) ഈ പറഞ്ഞത്, അതായത് ഏറ്റവും ഉത്തമമായ സദഖ വെള്ളമാണ്. അതിനുള്ള കാരണം ഇതാണ്. ആ കാലത്ത് വെള്ളത്തിന് ക്ഷാമം ഉണ്ടായിരുന്നു. വെള്ളത്തിന്റെ സദഖ ഈ കാരണം കൊണ്ട് കൂടിയാണ് അവിടുന്ന് ശ്രേഷ്ഠമാണ് എന്ന് പറഞ്ഞത്. ഇത് ആത്മീയവും ഭൗതീകവും ആയ കാര്യങ്ങളിൽ ഏറ്റവും അധികം പ്രയോജനം ചെയ്യുന്ന വസ്തുവാണ്. പ്രത്യേകിച്ച് ഇത്തരത്തിലുള്ള ഉഷ്ണമേഖല പ്രദേശങ്ങളിൽ, മദീനയിലെ ഉഷ്ണത്തിന്റെ കാഠിന്യം, പൊതുവിലുള്ള ആവശ്യങ്ങൾ, വെള്ളത്തിന്റെ ക്ഷാമം എന്നിവകൊണ്ട് വെള്ളം വളരെ വിലപിടിപ്പുള്ളതായി കണക്കാക്കിയിരുന്നു. വെള്ളം ഇന്നും വിലപിടിപ്പുള്ളതായിട്ടാണ് കണക്കാക്കുന്നത്. അതുകൊണ്ടാണ് ഭരണകൂടങ്ങൾ ഇക്കാര്യം പറഞ്ഞു കൊണ്ടിരിക്കുന്നത്. അതു ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.

ഹദ്റത്ത് ഇബ്നു അബ്ബാസ് നിവേദനം ചെയ്യുന്നു: ഹദ്റത്ത് സഅദ് ബിൻ ഉബാദ റസൂൽ തിരുമേനി(സ)യോട് ചോദിച്ചു: ഞാൻ എന്റെ മാതാവിന്റെ ഭാഗത്ത് നിന്ന് അൽപം സദഖ നല്കിയാൽ അത് അവർക്ക് പ്രയോജനം ചെയ്യുമോ? റസൂൽ തിരുമേനി(സ) പറഞ്ഞു: അതെ അപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ തോട്ടം മിഖ്റാഫ് എന്ന തോട്ടം അവരുടെ ഭാഗത്ത് നിന്നുള്ള സദഖയാണ്. ഹുസൂർ അൻവർ പറഞ്ഞു: അദ്ദേഹത്തെ കുറിച്ചുള്ള വിവരണം തുടരുന്നതാണ്. ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതായിരിക്കും.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ ۔ وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ ۔

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Baithul Futuh, UK – on 27.12.2019
Malayalam Translation: **Moulavi C.P Sultan Naseer Vaniyambalam** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516